ടി പദ്ധതിക്കുവേണ്ടി ഏറ്റെടുത്ത സ്ഥലങ്ങളുടെ അതിർത്തി നിർണ്ണയിച്ച് കല്ലുകൾ സ്ഥാപിച്ചിട്ടുണ്ട്. എന്നിരുന്നാലും കാലപ്പഴക്കം കാരണം പലഭാഗത്തും കല്ലുകൾ നഷ്ടപ്പെട്ടുപോയിട്ടുണ്ട്. ആയതിനാൽ പദ്ധതിക്കുവേണ്ടി അക്വയർ ചെയ്ത സ്ഥലത്തിന്റെ സർവ്വേ നടത്തി അതിർത്തി പുനർനിർണ്ണയിക്കുന്നതിന് ജില്ലാകളക്ടർക്ക് കത്ത് നൽകുകയും തുടർ നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു.

അണക്കെട്ട് പുതുക്കിപ്പണിയുന്നതിന് നടപടി

163(863) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാസർഗോഡ് ജില്ലയിലെ പടന്ന ഇടച്ചാക്കൈ അണക്കെട്ട് പുതുക്കിപ്പണിയുന്ന പ്രവൃത്തി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നും ഇത് എന്നാരംഭിക്കാൻ കഴിയുമെന്നും വ്യക്തമാക്കാമോ ?

ഉത്തരം

കാസർഗോഡ് ജില്ലയിലെ പടന്ന ഇടച്ചാക്കൈ അണക്കെട്ട് പുതുക്കിപ്പണിയുന്നതിന് ജി.ഒ.(എം.എസ്.)നമ്പർ 3/16/വി.എൽ.ജി. തീയതി 14-1-2016 പ്രകാരം 192 ലക്ഷം രൂപയുടെ ഭരണാനുമതി കാസർഗോഡ് പാക്കേജിൽ ഉൾപ്പെടുത്തി നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിക്ക് സാങ്കേതികാനുമതി നൽകി പ്രവൃത്തി പ്രാവർത്തികമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കാര്യങ്കോട് പുഴയ്ക്ക് കുറുകെയുള്ള വി.സി.ബി.

164(864) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽ ചെറുപുഴ പഞ്ചായത്തിൽ കാര്യങ്കോട് പുഴയ്ക്ക് കുറുകെ അനുവദിച്ച വി.സി.ബി.-യുടെ നിർമ്മാണ പ്രവൃത്തിയുടെ നിലവിലുള്ള അവസ്ഥ വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി എപ്പോൾ പൂർത്തീകരിക്കാൻ കഴിയുമെന്ന് അറിയിക്കാമോ?

ഉത്തരം

(എ) കണ്ണൂർ ജില്ലയിൽ ചെറുപുഴ പഞ്ചായത്തിൽ കാര്യങ്കോട് പുഴയ്ക്ക് കുറുകെ അനുവദിച്ച വി.സി.ബി.-യുടെ നിർമ്മാണ പ്രവൃത്തിയുടെ 45% പൂർത്തീകരിച്ചു. ഇപ്പോൾ പ്രവൃത്തി നടന്നുകൊണ്ടിരിക്കുന്നു.

(ബി) 31-5-2016-ൽ പൂർത്തീകരിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly